# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 2 — 10-06-2013-ൽ മറുപടിക്ക്

### സമഗ്ര മദ്യനയം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി<br>" സി. പി. മുഹമ്മദ്<br>" വി. പി. സജീന്ദ്രൻ<br>" ലൂഡി ലൂയിസ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര മദ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. സമഗ്ര മദ്യനയം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ച്, 23-01-2013-ലെ ജി.ഒ. (എം.എസ്) നം.12/2013/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ബി-യും, സി-യും, ഡി-യും.<br>2011-12 വർഷത്തെ മദ്യനയത്തിലെ വ്യവസ്ഥകളനുസരിച്ച്, വിദേശമദ്യ നിയമത്തിൽ വരുത്തിയ ചില ഭേദഗതികൾ, ബഹു. കേരള ഹൈക്കോടതിയുടെ 27-07-2012-ലെ W.A.470/2012 കേസിലെ വിധിയനുസരിച്ച് റദ്ദാക്കിയതിനെത്തുടർന്ന്, സർക്കാരിന്റെ 2011-12, 2012-13 എന്നീ വർഷങ്ങളിലെ മദ്യനയത്തിലെ ചില സുപ്രധാനമായ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനാൽ, 2013-14 വർഷത്തെ മദ്യനയം പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന്, റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ച് 23-01-2013-ലെ ജി.ഒ.(എം.എസ്) നം.12/2013/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.<br>മദ്യവിമുക്ത കേരളം എന്ന ആത്യന്തിക ലക്ഷ്യം നേടുന്നതിനായി, സമഗ്രമായ ഒരു മദ്യനയം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ / മാന |

ദണ്ഡങ്ങൾ നിർദ്ദേശിക്കുക, മദ്യത്തിന്റെ ഉപഭോഗവും ലഭ്യതയും കുറയ്ക്കുന്നതിനായി, ബാർ ഹോട്ടലുകൾ തമ്മിലുള്ള അകലം, അവയുടെ പ്രവർത്തി സമയം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ, വിദേശ മദ്യ ചട്ടപ്രകാരം നിലവിൽ നല്കിയിട്ടുള്ള FL3 ലൈസൻസുകൾ പുന:പരിശോധിക്കുന്നതും, വിനോദ സഞ്ചാര മേഖലയുടെ പ്രോത്സാഹനത്തിനായി FL3 ലൈസൻസുകൾ നല്കുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ, 2 സ്റ്റാർ ക്ലാസിഫിക്കേഷൻ ഇല്ലാതെ നിലവിൽ പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകളുടെ FL3 ലൈസൻസുകൾ പുതുക്കുന്ന കാര്യം പുന:പരിശോധിക്കേണ്ടതുണ്ടോ, മദ്യനയത്തിന് അനുസൃതമായി നിലവിലെ അബ്കാരി ആക്റ്റ് / റൂൾ പുന:പരിശോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽ നിന്നും ബാർ ഹോട്ടലുകളിലേക്കുള്ള ദൂരം അളക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന പ്രക്രിയ വസ്തു നിഷ്ഠമാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക, വീര്യം കുറഞ്ഞ മദ്യം വിപണിയിൽ എത്തിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ, ചില ജില്ലകളിൽ നിലവിൽ കള്ളുഷാപ്പുകൾ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ, നാളികേര കർഷകരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, നീരയുടെ ഉല്പാദനത്തിനുള്ള സാധ്യതകൾ നിർദ്ദേശിക്കുക, മദ്യവിതരണത്തിന് നിലവിൽ ഉപയോഗിച്ചു വരുന്ന പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം പരിസ്ഥിതി സൗഹൃദമായ ഗ്ലാസ് കുപ്പികൾ ഉപയോഗിക്കേണ്ടതുണ്ടോ തുടങ്ങിയവ ഏകാംഗ കമ്മീഷന്റെ പഠന വിഷയങ്ങളായി ഉൾക്കൊള്ളിച്ചുകൊണ്ട്, 04-03-2013 -ലെ ജി.ഒ. (എം.എസ്) നമ്പർ 28/2013/റ്റിഡി., 24-05-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 113/ 2013/റ്റിഡി. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായ ശേഷം, ആയത് സർക്കാർ വിശദമായി പരിശോധിച്ച്, സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ